# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1100 04/12/2014-ലെ മറുപടിക്ക്

### <u>പുതിയ പ്ലസ് ടു സ്കൂളുകൾ</u>

| **<u>ചോദ്യം</u>**<br>ശ്രീ.എം.എ.ബേബി | | **<u>ഉത്തരം</u>**<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) 2014 ൽ സംസ്ഥാനത്ത് പുതിയ പ്ലസ് ടു സ്കൂളുകൾ, അപ്ഗ്രഡേഷനം, ബാച്ചുകൾ അനുവദിച്ചതും വഴി പ്രതിവർഷം എത്ര കോടി രൂപയുടെ അധിക ചെലവ് വരുമെന്ന വെളിപ്പെടുത്തുമോ; | (എ) | ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യക്ഷനായ ആറംഗ സമിതിയുടെ റിപ്പോർട്ട് പ്രകാരം അനുവദിച്ച പ്ലസ് ടു സ്കൂളുകൾ / ബാച്ചുകൾക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയാണെങ്കിൽ പ്രതിവർഷം ഏകദേശം 149 കോടി രൂപയുടെ അധിക ചെലവ് ഉണ്ടാകും. |
| (ബി) ഇതു വഴി താത്കാലികമോ, സ്ഥിരമോ ആയിട്ടുള്ള എത്ര അധ്യാപക അധ്യാപക-ഇതര തസ്തികകൾ ആവശ്യമായി വന്നിട്ടുണ്ട്;<br>(സി) മൊത്തം തസ്തികകളിൽ സർക്കാർ സ്കൂളുകളിലേക്ക് എത്ര; എയ്ഡഡ് സ്കൂളുകളിലേക്ക് എത്ര; വിശദമാക്കാമോ; | (ബി)<br>&<br>(സി) | പുതുതായി അനുവദിച്ച സ്കൂളുകളിൽ / അധിക ബാച്ചുകളിൽആവശ്യമായ തസ്തികകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. പുതിയ സ്കൂളുകളിൽ/ അധിക ബാച്ചുകളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനാണ് സർക്കാർ ഉത്തരവായത്. പുതിയ സ്കൂളുകളിൽ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം ലഭ്യമാവുകയുള്ളൂ. |
| (ഡി) സർക്കാർ പ്ലസ് ടു സ്കൂളുകളിൽ 2014 ൽ പുതുതായി നിലവിൽവന്ന തസ്തികകളിൽ അധ്യാപക ബാങ്കിൽ നിന്നും നിയമിക്കപ്പെട്ടവർ എത്ര;<br>(ഇ) എയ്ഡഡ് പ്ലസ് ടു സ്കൂളുകളിൽ 2014 ൽ പുതുതായി നിലവിൽ വന്ന അധ്യാപക തസ്തികകളിൽ അധ്യാപക ബാങ്കിൽ നിന്നും നിയോഗിക്കപ്പെട്ടവർ എത്ര; ഗസ്റ്റ് അധ്യാപകരായി നിയമിക്കപ്പെട്ടവർ എത്ര? | (ഡി)<br>&<br>(ഇ) | സർക്കാർ / എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ അധ്യാപക ബാങ്കിൽ നിന്നും നിയമനം നടത്തിയിട്ടില്ല. ഹയർസെക്കന്ററി തലത്തിൽ അധ്യാപക ബാങ്ക് ഇല്ല. പുതിയ സ്കൂളുകളിൽ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ